## പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

### രാജീവ്ഗാന്ധി സേവാ കേന്ദ്രങ്ങളുടെ പ്രവർത്തനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 135 — 13.06.2014 ൽ മറുപടിക്ക്

| ചോദ്യം. | | ഉത്തരം. | |
|---|---|---|---|
| ശ്രീ. എം. പി. വിൻസെന്റ്<br>,, ബെന്നി ബെഹനാൻ<br>'' ആർ. സെൽവരാജ്<br>'' അൻവർ സാദത്ത് | | ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) | |
| (എ) | മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ കീഴിൽ രാജീവ്ഗാന്ധി സേവാ കേന്ദ്രങ്ങളുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ; | (എ) | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ സംസ്ഥാനത്ത് 54 ഗ്രാമപഞ്ചായത്തുകളിലും 15 ബ്ലോക്ക്പഞ്ചായത്തുകളിലും ഭാരത് നിർമ്മാൺ രാജീവ്ഗാന്ധി സേവാ കേന്ദ്രങ്ങളുടെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. ഇവയിൽ അഞ്ച് ഭാരത് നിർമ്മാൺ രാജീവ്ഗാന്ധി സേവാ കേന്ദ്രങ്ങളുടെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ളവയുടെ നിർമ്മാണം പുരോഗതിയിലാണ്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു. |
| (ബി) | എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതു വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; | (ബി) | ഭാരത് നിർമ്മാൺ രാജീവ്ഗാന്ധി സേവാകേന്ദ്രത്തിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.<br>1. ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളിലെ തൊഴിലുറപ്പ് പദ്ധതി ഓഫീസിന്റെ സുഗമമായ പ്രവർത്തനത്തിന് ആവശ്യമായ സ്ഥലം പ്രദാനം ചെയ്യുക.<br>2. വിജ്ഞാന-വിഭവ കേന്ദ്രമായി (Knowledge resource centre) പ്രവർത്തിക്കുക<br>i. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയേയും മറ്റ് |

| | | | |
|---|---|---|---|
| | | | ഗ്രാമവികസന പദ്ധതികളെയും കുറിച്ചുള്ള വിവരങ്ങൾ ഗ്രാമീണർക്ക് ലഭ്യമാക്കുക<br>ii. ഗ്രാമപ്രദേശങ്ങളിലെ ആസ്തികളുടെ ഉല്പാദനക്ഷമതയും സുസ്ഥിരതയും വർദ്ധിപ്പിക്കുന്നതിനാവശ്യമായ മാതൃകാ പ്രവർത്തനങ്ങളും നൂതന സാങ്കേതികവിദ്യകളും സംബന്ധിച്ച വിവരങ്ങൾ ജനങ്ങൾക്ക് നൽകുക.<br>iii. പൊതുജനങ്ങൾക്കും, ഗ്രാമപഞ്ചായത്തുകൾക്കും ബ്ലോക്ക് പ്രോഗ്രാം ഓഫീസറുടെ ഓഫീസിനും സഹായകരമായ രീതിയിൽ വിവരസാങ്കേതിക വിദ്യയിലൂടെ സേവനങ്ങൾ ലഭ്യമാക്കുക. |
| (സി) | എന്തെല്ലാം സേവനങ്ങളും പ്രവൃത്തികളുമാണ് പ്രസ്തുത കേന്ദ്രങ്ങൾ വഴി ചെയ്യുന്നതെന്ന് വിശദീകരിക്കുമോ; | (സി) | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമമനുസരിച്ച് ലഭ്യമാക്കേണ്ട അവകാശങ്ങളും സേവനങ്ങളും ഉറപ്പാക്കുന്നതിനുതകുന്ന വേദിയായി ഭാരത് നിർമ്മാൺ രാജീവ്ഗാന്ധി സേവാ കേന്ദ്രങ്ങളെ പ്രയോജനപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്. ഇതിലേക്കായി, തൊഴിൽ കാർഡ് ലഭിക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കൽ, തൊഴിൽ ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷ നൽകൽ, മസ്റ്റർ റോളുകളുടെ പരിശോധന, പരാതി സമർപ്പിക്കൽ, വിവര സാങ്കേതിക സംവിധാനങ്ങളുടെ പ്രയോജനം ലഭ്യമാക്കൽ എന്നിവ സേവാ കേന്ദ്രങ്ങൾ വഴി ഏറ്റെടുക്കാം. കൂടാതെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ ഉദ്യോഗസ്ഥർക്ക് പ്രവർത്തിക്കുന്നതിനുള്ള സൗകര്യം, മീറ്റിംഗുകൾ, ചർച്ചകൾ തുടങ്ങിയവ സംഘടിപ്പിക്കൽ, വിവര സാങ്കേതിക സൗകര്യങ്ങൾ സജ്ജമാക്കൽ, ഓഫീസ് റിക്കാർഡുകൾ സൂക്ഷിക്കൽ, പരാതി പരിഹാര സംവിധാനം, ഗ്രാമതലത്തിൽ സോഷ്യൽ ഓഡിറ്റ് ഫലപ്രദമായി |

| | | | |
|---|---|---|---|
| | | | നടപ്പിലാക്കുന്നതിനുള്ള പിന്തുണ സംവിധാനം, പരിശീലനങ്ങൾ സംഘടിപ്പിക്കൽ എന്നീ പ്രവർത്തനങ്ങളും രാജീവ്ഗാന്ധി സേവാ കേന്ദ്രങ്ങൾ വഴി നിർവ്വഹിക്കേണ്ടതാണ്. |
| (ഡി) | തൊഴിലുറപ്പ് പദ്ധതികാര്യക്ഷമമാക്കുന്നതിന് പ്രസ്തുത കേന്ദ്രങ്ങൾ എത്ര മാത്രം പ്രയോജനപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം? | (ഡി) | തൊഴിലുറപ്പ് പദ്ധതിയിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷ സ്വീകരിക്കൽ, തൊഴിൽ ലഭിക്കുന്നതിനുള്ള അപേക്ഷകൾ സ്വീകരിക്കൽ, അവയ്ക്ക് കൈപ്പറ്റ് രസീത് നൽകൽ, തൊഴിൽ അനുവദിച്ച് കൊണ്ടുള്ള അറിയിപ്പ് നൽകൽ, മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം (MIS)- ൽ വിവരങ്ങൾ രേഖപ്പെടുത്തുന്നതിനുള്ള ഡേറ്റാ എൻട്രി പ്രവർത്തനങ്ങൾ, തൊഴിലുറപ്പ് പദ്ധതി ജീവനക്കാർക്ക് ആവശ്യമായ ഓഫീസ് സൗകര്യങ്ങൾ ലഭ്യമാക്കൽ, തൊഴിലാളികൾക്ക് സമ്മേളിക്കുന്നതിനുള്ള സൗകര്യം ലഭ്യമാക്കൽ, തൊഴിലാളികൾക്കുള്ള പരിശീലനങ്ങൾ നടത്തൽ, പദ്ധതി സംബന്ധിച്ച വിവരങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കൽ, സാമൂഹ്യ ഓഡിറ്റിംഗിന് സഹായങ്ങൾ ലഭ്യമാക്കൽ എന്നീ പ്രവർത്തനങ്ങൾ രാജീവ്ഗാന്ധി സേവാകേന്ദ്രങ്ങൾ വഴി നിർവ്വഹിക്കാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ

<u>അനുബന്ധം</u>

| ജില്ല | ഏറ്റെടുത്ത പ്രവൃത്തികൾ | | നിർമ്മാണം പൂർത്തിയാക്കിയ സേവാകേന്ദ്രങ്ങളുടെ എണ്ണം | |
|---|---|---|---|---|
| | ഗ്രാമ പഞ്ചായത്ത് | ബ്ലോക്ക് പഞ്ചായത്ത് | ഗ്രാമ പഞ്ചായത്ത് | ബ്ലോക്ക് പഞ്ചായത്ത് |
| തിരുവനന്തപുരം | 16 | 3 | 2 | 1 |
| കൊല്ലം | 3 | 0 | 0 | 0 |
| പത്തനംതിട്ട | 1 | 0 | 0 | 0 |
| ആലപ്പുഴ | 0 | 3 | 0 | 0 |
| കോട്ടയം | 0 | 0 | 0 | 0 |
| ഇടുക്കി | 1 | 0 | 1 | 0 |
| എറണാകുളം | 1 | 0 | 0 | 0 |
| തൃശൂർ | 1 | 1 | 0 | 0 |
| പാലക്കാട് | 6 | 1 | 0 | 0 |
| മലപ്പുറം | 17 | 4 | 0 | 0 |
| കോഴിക്കോട് | 1 | 3 | 1 | 0 |
| വയനാട് | 0 | 0 | 0 | 0 |
| കണ്ണൂർ | 7 | 0 | 0 | 0 |
| കാസർഗോഡ് | 0 | 0 | 0 | 0 |
| ആകെ | 54 | 15 | 4 | 1 |